## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1489** **03-12-2018 ൽ മറുപടിക്ക്**

### കൊല്ലം തുറമുഖത്തിനടുത്തുള്ള സർക്കാർ പുറമ്പോക്ക് ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. മുകേഷ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം തുറമുഖത്തോട് ചേർന്നുള്ള 13 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിട്ട് നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത വിഷയം സംബന്ധിച്ച റവന്യൂ/യു-2/112/2017 നമ്പർ ഫയലിൽ ലഭ്യമായിട്ടുള്ള ധനകാര്യവകുപ്പിന്റെ അനുകൂല അഭിപ്രായത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) & (ബി) 26.11.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്) 447/2018/റവ നമ്പർ ഉത്തരവിൻ പ്രകാരം കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി കൊല്ലം തുറമുഖത്തോട് ചേർന്നുള്ള കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം.314-ൽ റിസർവ്വെ 1, 2-ൽപ്പെട്ട 13.7512 ഹെക്ടർ സർക്കാർ കടൽ പുറമ്പോക്ക് (സർക്കാർ പുറമ്പോക്ക്) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി തുറമുഖത്തിന്റെ വികസനത്തിനായി ഉപയോഗിക്കുന്നതിന് ഭൂമിയുടെ കൈവശാവകാശം തുറമുഖ വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

- അനുബന്ധം -

**കേരള സർക്കാർ**

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - ഭൂമി കൈമാറ്റം - കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 314-ൽ റീസർവ്വേ 1,2 -ൽപ്പെട്ട 13.7512 ഹെക്ടർ കടൽ പുറമ്പോക്ക് (സർക്കാർ പുറമ്പോക്ക്) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തുറമുഖ വകുപ്പിന് കൈമാറി നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

**റവന്യൂ (യു) വകുപ്പ്**

**സ.ഉ. (എം.എസ്) നം.447/2018/റവ** **തീയതി, തിരുവനന്തപുരം, 26.11.2018**

പരാമർശം:- 1 തുറമുഖ വകുപ്പ് ഡയറക്ടറുടെ 09.05.2013 ലെ ഭൂമി കൈമാറ്റ അപേക്ഷ

2 കൊല്ലം ജില്ലാ കളക്ടറുടെ 26.08.2017 ലെ എൽ3/4401/13 നമ്പർ കത്ത്

3 ലാന്റ് റവന്യൂ കമ്മീഷണറുടെ 30.08.2017 ലെ എൽ.ആർ.കെ2 44415/17-ാം നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം.314 ൽ റീ സർവ്വേ 1,2 ൽപ്പെട്ട 13.7512 ഹെക്ടർ കടൽപുറമ്പോക്ക് - സ്ഥലം കൊല്ലം തുറമുഖത്തിന്റെ വികസനത്തിനു വേണ്ടി രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം കൈമാറി നല്കുന്നതിന് പോർട്ട് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതായി കൊല്ലം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം കടലിനോട് ചേർന്ന് കരയായി രൂപപ്പെട്ടതാണെന്നും ഇത് റീസർവ്വേ ചെയ്യാതെ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം. 314 നോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും കൊല്ലം പോർട്ടിന്റെ വികസന ആവശ്യത്തിനായി നിയമാനുസൃതം നടപടി സ്വീകരിച്ച് സർവ്വേ അതിരടയാള നിയമപ്രകാരം നടപടി പൂർത്തീകരിച്ച് സെക്ഷൻ 13 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത കേന്ദ്ര സർക്കാർ കടൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരുന്നത് ജില്ലാ കളക്ടർ സർക്കാർ പുറമ്പോക്ക് എന്ന് തിരുത്തൽ വരുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പ്രസ്തുത ഭൂമിക്ക് ആർ ഒന്നിന് 7 ലക്ഷം രൂപ നിരക്കിൽ 13.7512 ഹെക്ടർ സ്ഥലത്തിന് 96,25,84000/- രൂപ (തൊണ്ണൂറ്റിയാറ് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എൺപത്തി നാലായിരം രൂപ മാത്രം) കമ്പോളവില നിശ്ചയിക്കാവുന്നതാണെന്നും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം നിലവിൽ കൈവശം വച്ചുപയോഗിച്ച് വരുന്ന കൊല്ലം പോർട്ടിന് ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ഭൂമി കൈമാറി നല്കാവുന്നതാണെന്ന് കൊല്ലം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ പ്രസ്തുത ശുപാർശ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 314-ൽ റീസർവ്വേ 1,2 -ൽ 13.7512 ഹെക്ടർ കടൽ പുറമ്പോക്ക് (സർക്കാർ പുറമ്പോക്ക്) ഭൂമിയുടെ കൈവശാവകാശം കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തുറമുഖ വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

a) ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് നൽകാനോ അന്യാധീനപ്പെടുത്താനോ, ദുരുപയോഗം ചെയ്യാനോ, ബാങ്കുകളിലോ ധനകാര്യ സ്ഥാപനങ്ങളിലോ ഈടുവയ്ക്കുവാനോ പാടുള്ളതല്ല.

b) ഏത് ആവശ്യത്തിനുവേണ്ടിയാണോ ഭൂമി അനുവദിച്ചത് ആ ആവശ്യത്തിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ.

c) പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്.

d) പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്ന് തുറമുഖവകുപ്പ് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്

e) മേൽ പ്രസ്താവിച്ച നിബന്ധനകളിൽ നിന്നും വ്യതിചലിക്കുന്ന പക്ഷം പ്രസ്തുത ഭൂമി ഭാവിയിൽ സർക്കാരിൽ നിക്ഷിപ്തമാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്. കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (26.01.2018-ലെ /വ്യയം എ 3/602/2017/ധന പ്രകാരം)
മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ